(ബി) ഊർജ്ജ സർവ്വേയുടെ ഭാഗമായി പരസ്യങ്ങൾക്കായി ചെലവഴിച്ച തുക ഇപ്രകാരമാണ്.

1. 30000 പോസ്റ്ററുകൾ പഞ്ചായത്തുകളിൽ പ്രദർശിപ്പിക്കാൻ അച്ചടി ചെലവായി 42,000 രൂപ ചെലവായിട്ടുണ്ട്.

2. രണ്ട് ലക്ഷം വീടുകളിൽ സർവ്വേ നടത്തുന്നതിന്റെ ഭാഗമായി വീടുകൾ തിരിച്ചറിയാനുള്ള സ്റ്റിക്കറുകൾ പതിച്ചിരുന്നു. 200000 സ്റ്റിക്കറുകൾ അച്ചടിക്കാനുള്ള ചെലവായി 1,56,060 രൂപ നൽകിയിട്ടുണ്ട്.

3. 14730 ബാനറുകൾ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പഞ്ചായത്തിൽ അഞ്ച് പ്രമുഖ സ്ഥലത്ത് വീതം പ്രദർശിപ്പിക്കാനായി എത്തിച്ചിരുന്നു. ഈ ബാനറുകളുടെ അച്ചടി ചെലവായി 27,360 രൂപ നൽകി. പേമെന്റ് ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം III ആയി വച്ചിട്ടുണ്ട്.*

(സി) സർവ്വേയ്ക്ക് ആവശ്യമായ മാന്വലുകൾ, ഫോറങ്ങൾ എന്നിവ തയ്യാറാക്കുക, 451 തദ്ദേശഭരണ സ്ഥാപനങ്ങളുമായി രജിസ്റ്റർ ചെയ്യപ്പെട്ട രണ്ട് ലക്ഷം വൈദ്യുതിയില്ലാത്ത വീടുകളിൽ പഞ്ചായത്ത് തെരഞ്ഞെടുത്ത വോളന്റിയർമാരെ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന്റെ ഗുണനിലവാരം അതാത് സമയം തന്നെ ഉറപ്പ് വരുത്തുക, വോളന്റിയർമാർക്ക് പരിശീലനം നൽകുക, ഫീൽഡിൽ ആവശ്യമായ സംശയ നിവാരണം നടത്തുക, പ്രാഥമിക റിപ്പോർട്ടുകൾ തയ്യാറാക്കുക, ഊർജ്ജാസൂത്രണത്തിന് ആവശ്യമായ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി കേരളാ യൂണിവേഴ്സിറ്റിയുടെ ഫ്യൂച്ചേഴ്സ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിനെയാണ് ചുമതലപ്പെടുത്തിയത്. ഇന്ത്യ ഗവൺമെന്റിന് വേണ്ടിയും UNDP-യ്ക്കും വേണ്ടിയും സർവ്വേ നടത്തി പരിചയമുള്ള IMEG എന്ന സ്ഥാപനത്തെ ഫീൽഡ് വർക്കിനായി കേരള സർവ്വകലാശാലയുടെ ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ് നൽകിയ ലിസ്റ്റിൽ നിന്നുമാണ് തെരഞ്ഞെടുത്തത്. കേരള യൂണിവേഴ്സിറ്റിയുടെ ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിനെ നിയോഗിച്ചതിന് ടെണ്ടർ വിളിച്ചിട്ടില്ല. പേമെന്റ് ഉത്തരവ് അനുബന്ധം IV ആയി വയ്ക്കുന്നു.*

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

180 (1124) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികവർഗ്ഗ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVED Kerala Legislative Assembly

(ബി) ഇതിനായി ഓരോന്നിനും എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ പൂർത്തീകരിക്കുവാനുള്ള പ്രവൃത്തിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്ദമംഗലം നിയോജക മണ്ഡലത്തിലെ അമ്പലപ്പറമ്പ് 66 കെ.വി. സബ്സ്റ്റേഷൻ എർത്ത്മാറ്റിന്റെ നവീകരണം, പുതിയ 11 കെ.വി. ഫീഡർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ സ്വതന്ത്ര നിയന്ത്രണം തുടങ്ങിയ ജോലികൾ പൂർത്തിയാക്കി. കൂടാതെ കുറ്റിക്കാട്ടൂർ 66 കെ. വി. സബ്സ്റ്റേഷന്റെ പുതിയ 66 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

(ബി) എർത്ത്മാറ്റ് നവീകരണം 6.5 ലക്ഷം. പുതിയ 11 കെ.വി. ഫീഡർ സ്ഥാപിക്കൽ 4.25 ലക്ഷം. ട്രാൻസ്ഫോർമറുകളുടെ സ്വതന്ത്ര നിയന്ത്രണം 30 ലക്ഷം.

(സി) വെള്ളന്നൂർ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചു. കുന്ദമംഗലം 110 കെ.വി. സബ്സ്റ്റേഷൻ കോമ്പൗണ്ടിന്റെ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

വൈദ്യുത പോസ്റ്റ് കടമ്പം പതിഹരിക്കാൻ നടപടി

181 (1128) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലടക്കം മലബാറിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന പോസ്റ്റുകൾക്കുള്ള ക്ഷാമം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കൊണ്ടോട്ടി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ, ഓരോ പഞ്ചായത്തിലെയും പുരോഗതി എന്നിവ വിശദീകരിക്കുമോ ;

(ഡി) ഇവ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly